DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

19-05-2021

# കാർഷികമേഖലാവാർത്തകൾ

1. **ഓൺലൈൻ മൃഗചികിത്സയുമായി വെറ്ററിനറി സർവ്വകലാശാല - 'കാഫ്' പദ്ധതി**

കോവിഡ് മഹാമാരിക്കും ലോക്ഡൗൺ നിയന്ത്രണങ്ങൾക്കുമിടയിൽ അരുമകൾക്കും, മറ്റ് വളർത്ത് മൃഗങ്ങൾക്കും ഓൺലൈൻ ചികിത്സാ സംവിധാനം ഒരുക്കി കേരള വെറ്ററിനറി സർവ്വകലാശാല. കെ.വി.എ.എസ്.യു. അഡൈ്വസറി ഫോർ ലൈവ് സ്റ്റോക്ക് ഫാർമേഴ്സ് അഥവാ കാഫ്, (KALF) എന്ന് പേരിട്ടിരിക്കുന്ന പദ്ധതിയിൽ വളർത്തുമൃഗ പരിപാലനം, രോഗം, ഭക്ഷണ രീതി, മറ്റ് അനുബന്ധ മേഖലകൾ എന്നിവയുമായി ബന്ധപ്പെട്ട് കേരളത്തിലെ കർഷകരും സംരംഭകരും നേരിടുന്ന പ്രായോഗിക പ്രശ്നങ്ങൾക്ക് മൊബൈൽ കോൺഫറൻസിങ്ങിലൂടെ സർവ്വകലാശാല വിദഗ്ദർ മറുപടി നൽകും. ഉപദേശങ്ങൾക്കും, സഹായങ്ങൾക്കും വേണ്ടി കർഷകർക്കും, സംരംഭകർക്കും രാവിലെ 9 മുതൽ 12 വരെയും, 2 മുതൽ 5 വരെയും '9447030801' എന്ന ഫോൺ നമ്പറിൽ നേരിട്ട് ബന്ധപ്പെടാവുന്നതാണ്. സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി വെറ്ററിനറി കോളേജിൽ സജ്ജമാക്കിയിരിക്കുന്ന 'കാഫ്' കേന്ദ്രത്തിലേക്ക് എത്തുന്ന ഫോൺ കോളുകൾ ഓൺലൈൻ മൊബൈൽ കോൺഫറൻസിങ്ങിലൂടെ ബന്ധപ്പെട്ട വിദഗ്ദ്ധരായ സർവ്വകലാശാല ശാസ്ത്രജ്ഞൻമാർക്ക് കൈമാറുകയും,

നേരിട്ടുള്ള സംശയനിവാരണത്തിന് വേദിയൊരുക്കുകയും ചെയ്യും. കർഷകർ ഉന്നയിക്കുന്ന വിഷയങ്ങൾക്ക് കൂടുതൽ വിശദീകരണം വിദഗ്ദർ ആവശ്യപ്പെടുന്ന മുറക്ക് മൃഗങ്ങളുടെ വിവരങ്ങളും, ഫോട്ടോയും സഹിതം സർവ്വകലാശാല നൽകുന്ന ഒരു ഇ-മെയിലിലേക്ക് അയക്കാവുന്നതാണ്. വിശദമായ അവലോകനത്തിന് ശേഷം പ്രശ്നപരിഹാര നിർദ്ദേശങ്ങൾ നൽകുന്നതാണ്.

**പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് :**

1. ഡോ. എം. കെ. നാരായണൻ, ഡയറക്ടർ ഓഫ് എന്റർപ്രണർഷിപ്പ്,

**ഫോൺ :9447019009**

2. ഡോ. എസ്. അജിത് കുമാർ, ഡയറക്ടർ ഓഫ് ക്ലിനിക്സ്

**ഫോൺ : 9400322511**

## 2. പ്രകൃതി ക്ഷോഭം മൂലമുള്ള നാശനഷ്ടങ്ങൾ അറിയിക്കുവാൻ 'എയിംസ് പോർട്ടൽ'

- പ്രകൃതി ക്ഷോഭം മലമുണ്ടായ കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തിനായി കർഷകർ എയിംസ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുക.
- ഇതിനായി എയിംസ് വെബ്സൈറ്റ് സന്ദർശിക്കുക. (https://www.aims.kerala.gov.in)
- മാർഗനിർദ്ദേശങ്ങൾ ക്ലിക്ക് ചെയ്താൽ വ്യക്തിഗതലോഗിന്റേയും ഗ്രൂപ്പ് ലോഗിന്റേയും മാർഗനിർദ്ദേശങ്ങൾ ലഭിക്കുന്നതാണ്.
- ആദ്യമായി എയിംസ് പോർട്ടൽ ഉപയോഗിക്കുന്നവർ പുതിയരജിസ്ട്രേഷനിൽ ആധാർ നമ്പരും ഫോൺ നമ്പരും ഉപയോഗിച്ച് പേരും മറ്റ് വിവരങ്ങളും രജിസ്റ്റർ ചെയ്ത് പാസ്വേർഡ് സൃഷ്ടിക്കേണ്ടതാണ്.
- യൂസർനെയിമും പാസ്വേർഡും ഉപയോഗിച്ച് കർഷകലോഗിൻ ക്ലിക്ക് ചെയ്ത് പോർട്ടലിൽ കയറാവുന്നതാണ്.

- ➢ പ്രകൃതിക്ഷോഭം മൂലമുള്ള നഷ്ടം അറിയിക്കുന്നതിലേക്കായി 'റിപ്പോർട്ട് കലാമിറ്റി' ക്ലിക്ക് ചെയ്ത് വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.
- ➢ വിളകൾ ഇൻഷ്വർ ചെയ്തിട്ടുള്ള കർഷകർ 15 ദിവസത്തിനകവും മറ്റ് കർഷകർ 10 ദിവസത്തിനുള്ളിലും എയിംസ് പോർട്ടലിൽ വിവരങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതാണ് .
- ➢ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ വിശദമായി 'എയിംസ്' എന്ന യൂട്യൂബ് ചാനലിൽ ഓൺലൈനായി വീക്ഷിക്കാവുന്നതാണ്. https://youtu.be/PwW6_hDvriY
- ➢ എയിംസ് മൊബൈൽ ആപ്ലിക്കേഷനും ലഭ്യമാണ്.

## 3. ഓൺലൈൻ ഹെൽപ്പ് ഡസ്ക്

കർഷകരുടെ സംശയനിവാണത്തിനായി കോഴിക്കോട് ജില്ലയിലെ കാർഷിക വിജ്ഞാന വിപണനകേന്ദ്രം വേങ്ങേരിയിൽ ഓൺലൈൻ ഹെൽപ്പ് ഡെസ്ക് പ്രവർത്തനമാരംഭിച്ചു. എല്ലാ ദിവസവും രാവിലെ 10 മണിക്കും വൈകിട്ട് 5 മണിക്കും ഇടയിൽ ഫോൺകോളിലൂടെയോ വാട്സ്ആപ്പിലൂടെയോ കർഷകർക്ക് സംശയദൂരീകരണം ലഭിക്കുന്നതാണ്. ബന്ധപ്പെടേണ്ട ഫോൺ നമ്പരുകൾ ഇനി പറയുന്നു.

ഡോ അപർണാ രാധാകൃഷ്ണൻ – **8468990086**

ഷിജ്നി ഇ എം – **9846692616**

## 4. ഓൺലൈൻ പരിശീലനങ്ങൾ

(1) കൊല്ലം ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (19-05-221 ന്) രണ്ട് മണിക്ക് 'മാമ്പഴ സംസ്കരണവും വൈവിദ്ധ്യവൽക്കരണവും' എന്ന വിഷയത്തിൽ കേരള കാർഷിക സർവകലാശാല അസിസ്റ്റന്റ് പ്രൊഫസർ ശ്രീമതി

ഷംസിയ എ എച്ച്  ഫേസ്ബുക്ക് ലൈവിലൂടെ തുടർപരിശീലനം നടത്തുന്നു. നാളെ (20-05-2021 ന് ) മഴക്കാലരോഗപ്രതിരോധം അരുമമൃഗങ്ങളിൽ എന്ന വിഷയത്തിൽ ഡോ പാർവതി എസ് ഓൺലൈൻ പരിശീലനം നൽകുന്നു. കൃഷി വിജ്ഞാൻ കേന്ദ്രകൊല്ലം എന്ന് ഫേസ് ബുക്ക് പേജിൽ ഈ പരിശീലനങ്ങൾ കർഷകർക്ക് ലൈവായി വീക്ഷിക്കാവുന്നതാണ്.

(2) പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (19-05-221 ന് ) ശാസ്ത്രീയ മുട്ടക്കോഴി പരിപാലനം എന്ന വിഷയത്തിലും നാളെ (20-05-2021 ന് ) ചെറുതേനീച്ച വളർത്തൽ എന്ന വിഷയത്തിലും ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **8078572094** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

(3) കോട്ടയം കാർഷിക വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (19-05-2021 ന് )  കശുമാവുകൃഷി അറിയേണ്ടതെല്ലാം എന്ന വിഷയത്തിലും നാളെ (20-05-2021 ന് ) വീട്ടുവളപ്പിലെ മത്സ്യകൃഷി എന്ന വിഷയത്തിലും ഓൺലൈൻ പരിശീലനം നൽകുന്നു.  കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ: **0481-2523421** , മെയിൽ ഐഡി 'kvkkottayam@kau.in' വിശദ വിവരങ്ങൾ 'കെ വി കെ കോട്ടയം' എന്ന ഫേസ് ബുക്ക്പേജിലും ലഭ്യമാണ്.

(4) വയനാട് കൃഷിവിജ്ഞാനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഓൺലൈൻ കർഷക സംശയ നിവാരണ പരിപാടി ഇന്ന് (19-05-2021 ന് ) 10 മണി മുതൽ നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക്  ബന്ധപ്പെടേണ്ട നമ്പർ - **9074707544**